4. തൊഴിലാളികളുടെ പ്രശ്നങ്ങൾ

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കുന്നത്തൂർ നിയോജക മണ്ഡലത്തിലെ മാറനാട് സ്വാദി കാഷ്യൂ ഫാക്ടറിയിലെ പീലിംഗ് തൊഴിലാളികൾ മെക്കനൈസേഷനെതിരെ കഴിഞ്ഞ 33 ദിവസമായി സമരരംഗത്താണ്. ജോലിക്ക് വന്ന തൊഴിലാളികളെ മാനേജ്മെന്റ് പോലീസിനെ ഉപയോഗിച്ച് വളരെ മൃഗീയമായി തല്ലുകയും ഇതിനെത്തുടർന്ന് പല ഗ്രാമപഞ്ചായത്ത് അംഗങ്ങളടക്കമുള്ളവർ ആശുപത്രിയിൽ അഡ്മിറ്റാകുകയും ചെയ്തിട്ടുണ്ട്. പീലിംഗ് തൊഴിലാളികളുടെ ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അവിടത്തെ ഗ്രേഡിംഗ് തൊഴിലാളികളും ഷെല്ലിംഗ് തൊഴിലാളികളും 33 ദിവസമായി അവരോടൊപ്പം സമരരംഗത്തുണ്ട്. ഈ തൊഴിൽ സമരം ഒത്തുതീർക്കുന്നതിനുവേണ്ടി ഫാക്ടറിയിൽ പ്രവർത്തിക്കുന്ന INTUC, CITU, AITUC എന്നീ യൂണിയനുകൾ സംയുക്തമായി ജില്ലാ ലേബർ ഓഫീസർക്ക് രേഖാമൂലം ഡിമാന്റ് നോട്ടീസ് കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ രണ്ട് തവണ മീറ്റിംഗ് വിളിച്ചുചേർക്കുകയും ചെയ്തു. എന്നാൽ രണ്ട് മീറ്റിംഗിലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള ആരും ആ യോഗത്തിൽ പങ്കെടുത്തില്ല. വളരെ നിഷേധാത്മകമായ നിലപാടുകളാണ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഈ പാവപ്പെട്ട തൊഴിലാളികളുടെ നേർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഫാക്ടറിയിലും പരിസരത്തും ഇപ്പോൾ നിലനിൽക്കുന്നത്. ബ്രിട്ടീഷുകാരുടെ പോലീസിനെപ്പോലെ തൊഴിലാളികളുടെമേൽ ഇത്തരം ആക്രമണം അഴിച്ചുവിടുന്നത് ഭൂഷണമാണോ? ഇത് ശരിയല്ല. പാവപ്പെട്ട തൊഴിലാളികളുടെ അദ്ധ്വാനശേഷി വളർത്തിയെടുക്കുന്നതിന്, ആ വ്യവസായ സ്ഥാപനത്തിന്റെയും ഒരു പ്രദേശത്തിന്റെയും ഒരു സമൂഹത്തിന്റെയും വളർച്ച ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെ ബോധപൂർവ്വം പോലീസിനെക്കൊണ്ട് മർദ്ദിപ്പിക്കുന്ന സമീപനം സ്വീകരിക്കുന്ന മാനേജ്മെന്റുകൾക്കെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കണം. രണ്ടുതവണ ജില്ലാ ലേബർ ഓഫീസർ വിളിച്ചുചേർത്ത മീറ്റിംഗിൽ എന്തുകൊണ്ടാണ് മാനേജ്മെന്റിന്റെ ഒരു പ്രതിനിധി പോലും പങ്കെടുക്കാത്തത് ? എന്തും ആകാമെന്നുള്ള മാനേജ്മെന്റിന്റെ ഇത്തരം നടപടികളെ അംഗീകരിക്കാൻ കഴിയില്ല. സമരരംഗത്ത് നിൽക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മിനിമം വേജസ് നൽകാനും ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മൂന്ന് ചർച്ചകൾ ജില്ലാ ലേബർ ഓഫീസർ ലെവലിൽ നടക്കുകയും ചെയ്തു. നിർഭാഗ്യവശാൽ മാനേജ്മെന്റുകൾ ചർച്ചയിൽ പങ്കെടുത്തിട്ടില്ല. അത് നിയമത്തിന്റെ അപര്യാപ്തതയാണ്. പക്ഷേ അവരുടെ ഭാഗം വിശദീകരിച്ചു കൊണ്ടുള്ള ഒരു കത്ത് കൊടുത്തിരുന്നു. ഇവിടെയുള്ള പ്രധാന വിഷയം മെക്കനൈസേഷൻ ആണ്. കാഷ്യൂ മേഖലയിൽ മെക്കനൈസേഷൻ അനിവാര്യമായതുകൊണ്ട് വ്യവസായ വകുപ്പുതന്നെ അതിന്റെകാര്യങ്ങൾ പഠിക്കാൻവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിനുമാത്രം മാത്രമോ പൊളിയായിരുന്ന വ്യവസായം ഇന്ന് മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. ഇന്ത്യയെക്കാൾ കൂടുതൽ കാഷ്യൂ പ്രൊഡ്യൂസ് ചെയ്യുന്ന നിലയിലേക്ക് വിയറ്റ്നാം മാറിയിട്ടുണ്ട്. അവിടെയൊക്കെ മെക്കനൈസേഷൻ അടക്കമുള്ള സംവിധാനമുള്ളതുകൊണ്ട് പലപ്പോഴും നമുക്ക് അവരോടൊപ്പം മത്സരിക്കാൻ സാധിക്കാതെ പോകുന്നു. ഇപ്പോൾ ഈ വ്യവസായം തമിഴ്നാട്ടിലേയ്ക്ക് മാത്രമല്ല ആന്ധ്ര, ഗോവ അടക്കമുള്ള സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചുകഴിഞ്ഞു. പലയിടത്തും മിനിമം വേജസ് പോലും കൊടുക്കുന്നില്ല. എന്നാൽ കേരളത്തിൽ മിനിമം വേജസ് കൂടിപ്പുക്കി നൽകിക്കഴിഞ്ഞപ്പോൾ വ്യവസായത്തിന് പിടിച്ചു നിൽക്കാൻ കഴിയുന്നില്ലാഎന്നൊരു സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. അതുകൊണ്ട് മെക്കനൈസേഷൻ ഒരു ഘട്ടം വരെ അനിവാര്യമാണ്. പക്ഷേ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ അതെങ്ങനെ നടപ്പിലാക്കാമെന്നുള്ളതിനെക്കുറിച്ചാണ് ഗവൺമെന്റ് ആരാഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറും സഭയും അറിയേണ്ടതുണ്ട്. ഇപ്പോൾ പരമ്പരാഗത മേഖലയിലേക്ക് പുതുതായി തൊഴിലാളികൾ കടന്നുവരുന്നില്ല. നേരത്തെതന്നെ ഈ തൊഴിൽ രംഗത്തുണ്ടായിരുന്ന പ്രായമുള്ള ആളുകളാണ് ഇപ്പോഴും കൂടുതലായുള്ളത്. ഭാവിയിൽ തൊഴിലാളികളുടെ ക്ഷാമമുണ്ടാകുന്ന ഒരു മേഖലയായി ഇതിനെ കാണേണ്ടതുണ്ട്. അതുകൊണ്ട് തീർച്ചയായും ഈ വിഷയത്തിൽ ലേബർ ഡിപ്പാർട്ട്മെന്റ് ഇടപെട്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. പോലീസ് അതിക്രമത്തെക്കുറിച്ചുള്ള കാര്യം മെമ്പർക്കു തന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. യന്ത്രവൽക്കരണത്തിനെയൊക്കെ അന്ധമായി എതിർത്തതിന്റെ ദുരന്തഫലം പല മേഖലയിലും നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അങ്ങനെ ഉണ്ടാകാതിരിക്കാനുള്ള ഒരു സാഹചര്യം നമുക്കെല്ലാവർക്കുംകൂടി സൃഷ്ടിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly